(സി) ഇക്കാര്യത്തിൽ ദേശീയ പട്ടികജാതി കമ്മീഷൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്ത് സംവരണ ശതമാനത്തിലുണ്ടായിട്ടുള്ള കുറവ് പരിശോധിച്ച് മുൻകാലപ്രാബല്യത്തോടെ ആയത് പരിഹരിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 15.00%

(ബി) 8.00%

(സി) ഇല്ല.

(ഡി) പരിശോധിക്കുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ വികസന ഫെഡറേഷന്റെ അന്യായമായ ഫണ്ട് വിനിയോഗം

276(4562) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വികസന ഫെഡറേഷൻ, പട്ടികജാതി വകുപ്പ് നൽകുന്ന ഫണ്ടുകൾ പട്ടികജാതിക്കാർക്ക് നൽകാതെ വകമാറ്റി ചെലവാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2013-14 വർഷത്തിൽ ഫെഡറേഷന് പട്ടികജാതി വികസന വകുപ്പ് നൽകിയ 2 കോടി രൂപയിൽ ഒരു രൂപപോലും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് നൽകാത്തതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പട്ടികജാതിക്കാർ കേസ് നൽകുകയും ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ഫണ്ട് വിനിയോഗം സ്റ്റേ ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്നത് സംബന്ധിച്ച് ലഭിച്ച പരാതികൾ പരിശോധിച്ചുവരുന്നു.

(ബി) 2013-2014-ൽ ഫെഡറേഷന് 2 കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതി ഫണ്ട് വിനിയോഗം സ്റ്റേ ചെയ്തതിനാൽ 60 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

രൂപ മാത്രമേ ചെലവഴിക്കുകയുണ്ടായുള്ളൂ. ശ്രീ. ഏഴിയിൽ സജീവ് ഫയൽ ചെയ്ത വ്യവഹാരത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച അന്തിമ വിധി നിശ്ചിത സമയപരിധിക്കുള്ളിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വാമനപുരത്തെ സ്വയംപര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ

277 (4563) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വാമനപുരം നിയോജകമണ്ഡലത്തിലെ ഏതെല്ലാം കോളനികളിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) വാമനപുരം നിയോജകമണ്ഡലത്തിലെ ഏതെങ്കിലും കോളനികളിൽ പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് കരാർ എടുക്കുന്ന സ്ഥാപനങ്ങൾ യഥാസമയം പണികൾ പൂർത്തിയാക്കാതെ വീഴ്ചവരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അവരുടെ പേര് വിവരങ്ങളും, എന്ത നടപടികളാണ് അവർക്കെതിരെ സ്വീകരിച്ചതെന്നും അറിയിക്കുമോ ?

ഉത്തരം

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ 2012-13 വർഷം നെടുന്തേരികുന്ന് കോളനിയെയും, 2013-14 വർഷം അംബേദ്കർ കോളനിയെയും സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ബി) വാമനപുരം നിയോജകമണ്ഡലത്തിൽ നെടുന്തേരികുന്ന് കോളനിയിലും, അംബേദ്കർ കോളനിയിലും സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം വർക്കുകൾ ചെയ്യുന്നതിനുള്ള പൂർണമായ എസ്റ്റിമേറ്റുകൾ ഏജൻസി നാളിതുവരെ സമർപ്പിച്ചിട്ടില്ല.

(സി) ഉണ്ട്.

(ഡി) എംപാനൽഡ് ഏജൻസിയായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിന് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly